Government of India

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4247 | नई दिल्ली | शनिवार | 30 दिसंबर 2023/ | 9 पौष 1945 (शक) | खण्ड | XII |
| No. | 4247 | NEW DELHI | Saturday | 30 December 2023/ | 9 Pousha, 1945 (Saka) | Vol. | XII |
| നമ്പർ | 4247 | ന്യൂഡൽഹി | ശനി | 30 ഡിസംബർ 2023/ | 9 പൌഷം, 1945 (ശക) | വാല്യം | XII |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 22nd November, 2022/1st Agrahayana, 1944 (Saka).*

The translation in Malayalam of The Civil Liability of Nuclear Damage Act, 2010 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ആണവ നാശനഷ്ടത്തിനുള്ള സിവിൽ ബാദ്ധ്യത ആക്റ്റ്, 2010-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9010/2023/S4.

# ആണവ നാശനഷ്ടത്തിനുള്ള സിവിൽ ബാദ്ധ്യത ആക്റ്റ്, 2010

(2010-ലെ 38-ാം നമ്പർ ആക്റ്റ്)

ആണവ നാശനഷ്ടത്തിനുള്ള സിവിൽ ബാദ്ധ്യതയ്ക്കും ബാദ്ധ്യത ഓപ്പറേറ്ററിലേക്ക് തിരിച്ചുവിട്ടുകൊണ്ടുള്ള ഒരു വീഴ്ചരഹിത ബാദ്ധ്യതാവാഴ്ചയിലൂടെ ഒരു ആണവ സംഭവത്തിന്റെ ഇരകൾക്കുള്ള സത്വര നഷ്ടപരിഹാരത്തിനും ക്ലെയിംസ് കമ്മീഷണറുടെ നിയമനത്തിനും ന്യൂക്ലിയർ ഡാമേജ് ക്ലെയിംസ് കമ്മീഷന്റെ സ്ഥാപനത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുവേണ്ടിയും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ഉണ്ടാക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ആണവ നാശനഷ്ടത്തിനുള്ള സിവിൽ ബാദ്ധ്യത ആക്റ്റ്, 2010 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത്—

(ക) ഭാരതത്തിന്റെ പ്രാദേശിക ജലാതിർത്തികൾക്ക് അപ്പുറത്തുള്ള സമുദ്രമേഖലകളിലോ അവയ്ക്കു മുകളിലോ;

(ഖ) പ്രാദേശിക ജലാതിർത്തി, ഭൂഖണ്ഡാതിർത്തിയിലെ ആഴം കുറഞ്ഞ കടൽഭാഗം, അനന്യസാമ്പത്തിക മേഖലയും മറ്റു സമുദ്രമേഖലകളും ആക്റ്റ്, 1976 (1976-ലെ 80)-ലെ 7-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള ഭാരതത്തിന്റെ അനന്യസാമ്പത്തികമേഖലയിലോ അതിനു മുകളിലോ;

(ഗ) മർച്ചന്റ് ഷിപ്പിംഗ് ആക്റ്റ്, 1958 (1958-ലെ 44)-ലെ 22-ാം വകുപ്പുപ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കപ്പലിൽ വച്ചോ അതു മുഖേനയോ;

(ഘ) വ്യോമയാന ആക്റ്റ്, 1934 (1934-ലെ 22)-ലെ 5-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ഘ) ഖണ്ഡപ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യോമയാനത്തിൽവച്ചോ അതു മുഖേനയോ;

(ങ) ഭാരതത്തിന്റെ അധികാരിതയിൻകീഴിലുള്ള ഒരു കൃത്രിമദ്വീപിലോ പ്രതിഷ്ഠാപനത്തിലോ നിർമ്മിതിയിലോ അതു മുഖേനയോ,

അനുഭവിക്കപ്പെടുന്ന ആണവ നാശനഷ്ടത്തിനും കൂടി ബാധകമാകുന്നതാണ്.

(4) കേന്ദ്ര സർക്കാർ തന്നെയോ അത് സ്ഥാപിച്ച ഏതെങ്കിലും അധികാരസ്ഥാനമോ കോർപ്പറേഷനോ അല്ലെങ്കിൽ ഒരു സർക്കാർ കമ്പനിയോ മുഖേനയോ സ്വന്തമായിട്ടുള്ളതോ നിയന്ത്രിക്കുന്നതോ ആയ ആണവ പ്രതിഷ്ഠാപനത്തിനു മാത്രമേ ഇത് ബാധകമാകുകയുള്ളൂ.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി "സർക്കാർ കമ്പനി"-യ്ക്ക്, അണുശക്തി ആക്റ്റ്, 1962 (1962-ലെ 33)-ലെ 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഖഖ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(5) ഇത് കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചിയിക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ചുള്ള ഏതൊരു പരാമർശത്തിനും ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിനെക്കുറിച്ചുള്ള ഒരു പരാമർശമായി അർത്ഥം കൽപിക്കപ്പെടേണ്ടതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ചെയർപേഴ്സൺ" എന്നാൽ 20-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഖ) "ക്ലെയിംസ് കമ്മീഷണർ" എന്നാൽ 9-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ക്ലെയിംസ് കമ്മീഷണർ എന്നർത്ഥമാകുന്നു;

(ഗ) "കമ്മീഷൻ" എന്നാൽ 19-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ന്യൂക്ലിയർ ഡാമേജ് ക്ലെയിംസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഘ) "പരിസ്ഥിതി"-യ്ക്ക് പരിസ്ഥിതി (സംരക്ഷണം) ആക്റ്റ്, 1986 (1986-ലെ 29)-ലെ 2-ാം വകുപ്പിന്റെ (ക) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ങ) "അംഗം" എന്നാൽ 20-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(ച) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനമെന്നർത്ഥമാകുന്നതും "വിജ്ഞാപനം ചെയ്യുക" എന്ന പദത്തിന് അതിനനുസൃതമായി അർത്ഥം കൽപ്പിക്കപ്പെടേണ്ടതുമാണ്;

(ഛ) "ആണവ നാശനഷ്ടം" എന്നാൽ ഒരു ആണവസംഭവത്താൽ ഉണ്ടാകുന്നതോ അതിൽ നിന്നുൽഭവിക്കുന്നതോ ആയ—

(i) ഒരാൾക്കുള്ള ജീവഹാനിയോ വ്യക്തിപരമായ ക്ഷതമോ (ഉടനെയും ദീർഘകാലത്തേയ്ക്കുള്ളതുമായ ആരോഗ്യപരമായ അനന്തരഫലം ഉൾപ്പെടെ); അല്ലെങ്കിൽ

(ii) സ്വത്തിനുള്ള നഷ്ടമോ നാശനഷ്ടമോ എന്നർത്ഥമാകുന്നതും അതിൽ താഴെപ്പറയുന്ന ഓരോന്നും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന വ്യാപ്തിയോളം ഉൾപ്പെടുന്നതുമാകുന്നു;

(iii) (i)-ാം അല്ലെങ്കിൽ (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള നഷ്ടത്തിലോ നാശനഷ്ടത്തിലോ നിന്ന് ഉൽഭവിക്കുന്നതും ആ ഉപഖണ്ഡങ്ങൾ പ്രകാരം ഉന്നയിക്കപ്പെട്ട അവകാശവാദങ്ങളിൽ ഉൾപ്പെടാത്തതുമായ ഏതെങ്കിലും സാമ്പത്തികനഷ്ടം, അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ അവകാശപ്പെടുവാൻ അർഹതപ്പെട്ട ഒരാൾ നേരിടുന്നുവെങ്കിൽ;

(iv) ഒരു ആണവ സംഭവം കാരണമായി കോട്ടം തട്ടിയ പരിസ്ഥിതിയുടെ പുനഃസ്ഥാപന നടപടിയുടെ, അങ്ങനെയുള്ള കോട്ടം സാരമുള്ളതല്ലാത്തപക്ഷം, അങ്ങനെയുള്ള നടപടികൾ യഥാർത്ഥത്തിൽ എടുക്കപ്പെടുന്നെങ്കിലും അല്ലെങ്കിൽ എടുക്കപ്പെടേണ്ടതുണ്ടെങ്കിലും (ii)-ാം ഉപഖണ്ഡപ്രകാരം ഉന്നയിക്കപ്പെട്ട അവകാശ വാദങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ചെലവുകൾ;

(v) പരിസ്ഥിതിയുടെ ഏതെങ്കിലും ഉപയോഗത്തിലോ, അനുഭവത്തിലോ ഉള്ള ഒരു സാമ്പത്തിക താൽപര്യത്തിൽ നിന്നും ലഭ്യമാക്കിയ വരുമാനത്തിന്റെ, ഒരു ആണവ സംഭവം മുഖേന ഉണ്ടായ ആ പരിസ്ഥിതിയുടെ സാരവത്തായ കോട്ടത്തിന്റെ ഫലമായി നേരിട്ടതും (ii)-ാം ഉപഖണ്ഡപ്രകാരം ഉന്നയിക്ക്പ്പെട്ട അവകാശവാദങ്ങളിൽ ഉൾപ്പെടുത്താത്തതുമായ, നഷ്ടം;

(vi) നിവാരണ നടപടികളുടെ ചെലവുകളും അങ്ങനെയുള്ള നടപടികൾ മുഖേന ഉണ്ടാകുന്ന കൂടുതൽ നഷ്ടമോ നാശനഷ്ടമോ;

(vii) ഭാരതത്തിൽ പ്രാബല്യത്തിലുള്ള സിവിൽ ബാദ്ധ്യത സംബന്ധിച്ച സാമാന്യനിയമം അത് അനുവദിക്കുകയും അങ്ങനെയുള്ള ഏതെങ്കിലും നിയമപ്രകാരം അവകാശപ്പെടാതിരിക്കുകയും ചെയ്യുന്നിടത്തോളം (iv)-ഉം (v)-ഉം ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള പരിസ്ഥിതിയുടെ കോട്ടം മുഖേന ഉണ്ടായ ഒന്നല്ലാത്ത മറ്റേതെങ്കിലും സാമ്പത്തിക നഷ്ടം,

മുകളിലെ (i) മുതൽ (v) വരെയും (vii)-ഉം ഉപഖണ്ഡങ്ങളുടെ സംഗതിയിൽ, ഒരു ആണവ പ്രതിഷ്ഠാപനത്തിനകത്തുള്ള ഏതെങ്കിലും വികിരണ സ്രോതസ്സിനാൽ പുറത്തുവിടപ്പെടുന്നതോ ഒരു ആണവ പ്രതിഷ്ഠാപനത്തിലെ ആണവ ഇന്ധനത്തിലോ റേഡിയോ ആക്ടീവ് ഉൽപ്പന്നങ്ങളിലോ മാലിന്യത്തിലോ അതിൽ നിന്നും വരുന്നതോ അതിൽ ഉത്ഭവിക്കുന്നതോ അതിലേക്ക് അയയ്ക്കപ്പെടുന്നതോ ആയ ആണവ പദാർത്ഥത്തിലോ നിന്ന് പുറത്തുവിടപ്പെടുന്ന അയണീകരണ വികിരണത്തിൽ നിന്നും നാശമോ നാശനഷ്ടമോ ഉത്ഭവിക്കുകയോ അതിന്റെ അനന്തരഫലമായി ഉണ്ടാകുകയോ അങ്ങനെ ഉത്ഭവിക്കുന്നത് അങ്ങനെയുള്ള പദാർത്ഥത്തിന്റെ റേഡിയോ ആക്ടീവ് ഗുണവിശേഷങ്ങളിൽ നിന്നോ അങ്ങനെയുള്ള പദാർത്ഥത്തിന്റെ വിഷമയമോ സ്ഫോടനാത്മകമോ അപകടസാദ്ധ്യതാപരമോ ആയ മറ്റ് ഗുണവിശേഷങ്ങളോടുകൂടിയ റേഡിയോ ആക്ടീവ് ഗുണവിശേഷങ്ങളുടെ ഒരു സംയോജനത്തിൽ നിന്നോ ആണെങ്കിലും, ചെയ്യുന്ന വ്യാപ്തിയോളം,

എന്നർത്ഥമാകുന്നു;

(ജ) "ആണവ ഇന്ധനം" എന്നാൽ അണുഭേദനത്തിന്റെ സ്വയം പ്രവർത്തിക്കുന്ന ഒരു ശൃംഖലാ പ്രക്രിയവഴി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് ശേഷിയുള്ള ഏതൊരു പദാർത്ഥവും എന്നർത്ഥമാകുന്നു;

(ഝ) "ആണവസംഭവം" എന്നാൽ ആണവ നാശനഷ്ടമുണ്ടാക്കുകയോ എന്നാൽ നിവാരണ നടപടികളെ സംബന്ധിച്ച് മാത്രം അങ്ങനെയുള്ള നാശനഷ്ടം ഉണ്ടാക്കുന്നതിന്റെ ഗുരുതരവും ആസന്നവുമായ ഒരു ഭീഷണി സൃഷ്ടിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സംഭവമോ ഒരേ ആരംഭമുള്ള സംഭവങ്ങളുടെ പരമ്പരയോ എന്നർത്ഥമാകുന്നു;

(ഞ) "ആണവ പ്രതിഷ്ഠാപനം" എന്നാൽ—

(ക) അതിന്റെ ചലിപ്പിക്കലിന് വേണ്ടിയോ മറ്റേതെങ്കിലും ആവശ്യത്തിന് വേണ്ടിയോ ഒരു ഊർജ്ജസ്രോതസ്സായുള്ള ഉപയോഗത്തിനായി ഒരു പരിവഹണമാർഗ്ഗം സജ്ജീകരിക്കപ്പെടുന്ന ഒന്നല്ലാത്ത ഏതൊരു ആണവ റിയാക്ടറും;

(ഖ) ആണവ പദാർത്ഥത്തിന്റെ ഉൽപ്പാദനത്തിനുവേണ്ടി ആണവ ഇന്ധനം ഉപയോഗിക്കുന്ന ഏതൊരു ഏർപ്പാടും അല്ലെങ്കിൽ ഇറേഡിയേറ്റഡ് ആണവ ഇന്ധനത്തിന്റെ പുനഃസംസ്കരണം ഉൾപ്പെടെയുള്ള ആണവ പദാർത്ഥത്തിന്റെ സംസ്കരണത്തിനുവേണ്ടിയുള്ള ഏതൊരു ഏർപ്പാടും;

(ഗ) ആണവ പദാർത്ഥം സംഭരിച്ചുവയ്ക്കപ്പെടുന്ന (അങ്ങനെയുള്ള പദാർത്ഥം കൊണ്ടുപോകലിന് ആനുഷംഗിക സംഭരണം അല്ലാത്ത) ഏതൊരു ഏർപ്പാടും,

എന്നർത്ഥമാകുന്നു.

*വിശദീകരണം.*—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ഒരേ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു ഓപ്പറേറ്ററുടെ വിവിധ ആണവ പ്രതിഷ്ഠാപനങ്ങൾ ഒരു ഒറ്റ ആണവ പ്രതിഷ്ഠാപനമായി പരിഗണിക്കപ്പെടേണ്ടതാണ്;

(ട) ''ആണവ പദാർത്ഥം'' എന്നാൽ—

(i) ഒരു ആണവ റിയാക്ടറിന് വെളിയിൽ അണുഭേദനത്തിന്റെ സ്വയം പ്രവർത്തിക്കുന്ന ഒരു ശൃംഖലാപ്രക്രിയ വഴി സ്വയമോ മറ്റ് ചില പദാർത്ഥവുമായി ചേർന്നോ ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനു ശേഷിയുള്ള (സ്വാഭാവിക യുറേനിയം അല്ലെങ്കിൽ ഡിപ്ലീറ്റ് ചെയ്ത യുറേനിയം അല്ലാത്ത) ആണവ ഇന്ധനവും;

(ii) റേഡിയോ ആക്ടീവ് ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ മാലിന്യവും,

എന്ന് അർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;

(ഠ) ''ആണവ റിയാക്ടർ'' എന്നാൽ ന്യൂട്രോണുകളുടെ കൂടുതൽ സ്രോതസ്സ് ഇല്ലാതെ അണുഭേദനത്തിന്റെ സ്വയം പ്രവർത്തിക്കുന്ന ഒരു ശൃംഖലാപ്രക്രിയ അതിൽ സംഭവിക്കാൻ കഴിയുന്ന അങ്ങനെയുള്ള ഒരു ക്രമീകരണത്തിൽ ആണവ ഇന്ധനം അടങ്ങിയിരിക്കുന്ന ഏതൊരു എടുപ്പും എന്നർത്ഥമാകുന്നു;

(ഡ) ''ഓപ്പറേറ്റർ'' എന്നാൽ ഒരു ആണവപ്രതിഷ്ഠാപനത്തെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരോ അത് സ്ഥാപിച്ച ഏതെങ്കിലും അധികാരസ്ഥാനമോ കോർപ്പറേഷനോ ആ പ്രതിഷ്ഠാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി അറ്റോമിക് എനർജി ആക്റ്റ്, 1962 (1962-ലെ 33)-ന് അനുസൃതമായി ഒരു ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഒരു സർക്കാർ കമ്പനിയോ എന്നർത്ഥമാകുന്നു;

(ഢ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ണ) ''നിവാരണ പരിപാടികൾ'' എന്നാൽ ഒരു ആണവ സംഭവം ഉണ്ടായതിനുശേഷം (ഛ) ഖണ്ഡത്തിന്റെ (i) മുതൽ (v) വരെയും (vii)-ഉം ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള നാശനഷ്ടം തടയുവാനോ ലഘൂകരിക്കുവാനോ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി ഒരാൾ എടുക്കുന്ന ന്യായമായ ഏത് നടപടിയും എന്നർത്ഥമാകുന്നു;

(ത) ''റേഡിയോ ആക്ടീവ് ഉൽപന്നങ്ങൾ അല്ലെങ്കിൽ മാലിന്യം'' എന്നാൽ ആണവ ഇന്ധനത്തിന്റെ ഉൽപാദനത്തിനോ ഉപയോഗത്തിനോ ആനുഷംഗികമായ റേഡിയേഷനിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഏതെങ്കിലും റേഡിയോ ആക്ടീവ് പദാർത്ഥം അല്ലെങ്കിൽ അതിന്

വിധേയമാക്കൽ വഴി റേഡിയോ ആക്ടീവ് ആക്കപ്പെടുന്ന ഏതെങ്കിലും പദാർത്ഥം എന്നർത്ഥമാകുന്നു. എന്നാൽ നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിൽ ഏതെങ്കിലും ശാസ്ത്രീയമോ വൈദ്യശാസ്ത്രപരമോ കാർഷികമോ വാണിജ്യമോ വ്യാവസായികമോ ആയ ആവശ്യത്തിന് ഉപയോഗിക്കത്തക്കവിധത്തിൽ എത്തിച്ചേർന്നിട്ടുള്ള റേഡിയോ ഐസോടോപ്പുകൾ ഉൾപ്പെടുന്നതല്ലാതാകുന്നു;

(ധ) "പ്രത്യേക പണമെടുക്കൽ അവകാശങ്ങൾ" എന്നാൽ അന്തരാഷ്ട്ര നാണ്യ നിധിയാൽ തീരുമാനിക്കപ്പെടുന്ന പ്രകാരമുള്ള പ്രത്യേക പണമെടുക്കൽ അവകാശങ്ങൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ആണവ നാശനഷ്ടത്തിനുള്ള ബാദ്ധ്യത

3. ആണവവോർജ്ജ റെഗുലേറ്ററി ബോർഡ് ആണവ സംഭവം വിജ്ഞാപനം ചെയ്യണമെന്ന്.—(1) അറ്റോമിക് എനർജി ആക്റ്റ്, 1962 (1962-ലെ 33) പ്രകാരം രൂപീകരിക്കപ്പെട്ട ആണവോർജ്ജ റെഗുലേറ്ററി ബോർഡ് ഒരു ആണവസംഭവം ഉണ്ടായ തീയതി മുതൽ പതിനഞ്ച് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ആണവസംഭവം വിജ്ഞാപനം ചെയ്യേണ്ടതാണ്:

എന്നാൽ ആണവോർജ്ജ റെഗുലേറ്ററി ബോർഡിന് ഒരു ആണവ സംഭവത്തിൽ ഉൾക്കൊണ്ടിട്ടുള്ള ഭീഷണിയുടെയും അപായ സാദ്ധ്യതയുടെയും തീവ്രത നിസ്സാരമെന്ന് ബോദ്ധ്യപ്പെടുന്നിടത്ത് അതിനോട് അങ്ങനെയുള്ള ആണവസംഭവം വിജ്ഞാപനം ചെയ്യുവാൻ ആവശ്യപ്പെടേണ്ടതില്ല.

(2) ആണവോർജ്ജ റെഗുലേറ്ററി ബോർഡ്, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കപ്പെടുന്നതിനുശേഷം ഉടൻതന്നെ, അങ്ങനെയുള്ള ആണവ സംഭവം ഉണ്ടായതിന് അതിന് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള രീതിയിൽ വ്യാപകമായ പ്രചാരണം നൽകുവാൻ ഇടയാക്കേണ്ടതാണ്.

4. ഓപ്പറേറ്ററിന്റെ ബാദ്ധ്യത.—(1) ആണവ പ്രതിഷ്ഠാപനത്തിന്റെ ഓപ്പറേറ്റർ—

(ക) ആ ആണവ പ്രതിഷ്ഠാപനത്തിൽ; അല്ലെങ്കിൽ

(ഖ) ആ ആണവ പ്രതിഷ്ഠാപനത്തിൽ നിന്നും വരുന്നതോ ഉൽഭവിക്കുന്നതോ ആയ ആണവ പദാർത്ഥം ഉൾക്കൊള്ളുന്നതും—

(i) അങ്ങനെയുള്ള ആണവ പദാർത്ഥം ഉൾപ്പെടുന്ന ആണവ സംഭവത്തിന്റെ ബാദ്ധ്യത ലിഖിതമായ ഒരു കരാറിന് അനുസൃതമായി മറ്റൊരു ഓപ്പറേറ്റർ ഏറ്റെടുത്തിരിക്കുകയും; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ആണവ പദാർത്ഥത്തിന്റെ ചുമതല മറ്റൊരു ഓപ്പറേറ്റർ ഏറ്റെടുത്തിരിക്കുകയും; അല്ലെങ്കിൽ

(iii) ഒരു ആണവ റിയാക്ടർ പ്രവർത്തിപ്പിക്കുവാൻ യഥാവിധി അധികാരപ്പെടുത്തപ്പെട്ട ആൾ, അതിന്റെ ചലിപ്പിക്കലിന് വേണ്ടിയോ മറ്റേതെങ്കിലും ആവശ്യത്തിന് വേണ്ടിയോ ഒരു ഊർജ്ജ സ്രോതസ്സായുള്ള ഉപയോഗത്തിനായി പരിവഹണമാർഗ്ഗം സജ്ജീകരിക്കപ്പെട്ടിട്ടുള്ള ആ റിയാക്ടറിൽ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആണവ പദാർത്ഥത്തിന്റെ ചുമതല ഏറ്റെടുത്തിരിക്കുകയും; അല്ലെങ്കിൽ

(iv) അങ്ങനെയുള്ള ആണവ പദാർത്ഥം അത് ഒരു വിദേശരാജ്യത്തിന്റെ ഭൂപ്രദേശ ത്തിനുള്ളിലുള്ള ഒരാൾക്ക് അയയ്ക്കപ്പെട്ട പരിവഹണമാർഗ്ഗത്തിൽ നിന്നും ഇറക്കിവയ്ക്കുകയും ചെയ്യുന്നതിനു മുമ്പ് സംഭവിക്കുകയും; അല്ലെങ്കിൽ

(ഗ) ആ ആണവ പ്രതിഷ്ഠാപനത്തിലേക്ക് അയയ്ക്കപ്പെട്ട ആണവ പദാർത്ഥം ഉൾപ്പെടുന്നതും—

(i) അങ്ങനെയുള്ള ആണവ പദാർത്ഥം ഉൾപ്പെടുന്ന ആണവ സംഭവത്തിന്റെ ബാദ്ധ്യത, ലിഖിതമായ ഒരു കരാറിന് അനുസൃതമായി, ആ ഓപ്പറേറ്ററിലേക്ക് മറ്റൊരു ആണവ പ്രതിഷ്ഠാപനത്തിന്റെ ഓപ്പറേറ്ററിനാൽ കൈമാറ്റം ചെയ്യപ്പെട്ടിരിക്കുകയും; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ആണവ പദാർത്ഥത്തിന്റെ ചുമതല ആ ഓപ്പറേറ്റർ ഏറ്റെടുത്തിരിക്കു കയും; അല്ലെങ്കിൽ

(iii) അതിന്റെ ചലിപ്പിക്കലിന് വേണ്ടിയോ മറ്റേതെങ്കിലും ആവശ്യത്തിന് വേണ്ടിയോ ഒരു ഊർജ്ജസ്രോതസ്സായുള്ള ഉപയോഗത്തിനായി പരിവഹണമാർഗ്ഗം സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഒരു ആണവ റിയാക്ടർ പ്രവർത്തിപ്പിക്കുന്ന ഒരാളിൽ നിന്നും അങ്ങനെയുള്ള ആണവ പദാർത്ഥത്തിന്റെ ചുമതല ആ ഓപ്പറേറ്റർ ഏറ്റെടുത്തിരിക്കുകയും; അല്ലെങ്കിൽ

(iv) ആ ഓപ്പറേറ്ററിന്റെ രേഖാമൂലമുള്ള സമ്മതത്തോടുകൂടി ഒരു വിദേശരാജ്യത്തിന്റെ ഭൂപ്രദേശത്തുനിന്നും കൊണ്ടുവരപ്പെടുന്നതിനായുള്ള പരിവഹണമാർഗ്ഗത്തിൽ അങ്ങനെയുള്ള ആണവ പദാർത്ഥം കയറ്റപ്പെട്ടിരിക്കുകയും,

ചെയ്തതിനുശേഷം,

ഒരു ആണവ സംഭവം മുഖേന ഉണ്ടായ ആണവ നാശനഷ്ടത്തിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ആണവ നാശനഷ്ടത്തിന് ഒന്നിൽ കൂടുതൽ ഓപ്പറേറ്റർമാർ ബാദ്ധ്യസ്ഥരാകുന്നിടത്ത്, അങ്ങനെ ഉൾപ്പെട്ടിട്ടുള്ള ഓപ്പറേറ്റർമാരുടെ ബാദ്ധ്യത ഓരോ ഓപ്പറേറ്ററിലും ചുമത്തപ്പെടാവുന്ന നാശനഷ്ടം വേർതിരിക്കാനാകാത്തിടത്തോളം, കൂട്ടായും വെവ്വേറെയും ആയിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഓപ്പറേറ്റർമാരുടെ മൊത്തം ബാദ്ധ്യത 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള ബാദ്ധ്യതയുടെ വ്യാപ്തിയിൽ കവിയുവാൻ പാടില്ലാത്തതാണ്.

(3) ഒരു ആണവ സംഭവത്തിൽ ഒരേ ഓപ്പറേറ്ററുടെ തന്നെ വിവിധ ആണവ പ്രതിഷ്ഠാപനങ്ങൾ ഉൾപ്പെടുന്നിടത്ത്, അങ്ങനെയുള്ള ഓപ്പറേറ്റർ, അങ്ങനെയുള്ള ഓരോ ആണവ പ്രതിഷ്ഠാപനത്തെയും സംബന്ധിച്ച് 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൻകീഴിൽ നിർദ്ദേശിച്ചിട്ടുള്ള ബാദ്ധ്യതയുടെ വ്യാപ്തിയോളം ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(4) ആണവ പ്രതിഷ്ഠാപനത്തിന്റെ ഓപ്പറേറ്ററുടെ ബാദ്ധ്യത കണിശവും വീഴ്ചരഹിത ബാദ്ധ്യതാ തത്വത്തിന്റെ അടിസ്ഥാനത്തിലുമായിരിക്കേണ്ടതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) ഒരു ആണവ പ്രതിഷ്ഠാപനത്തിൽ, അങ്ങനെയുള്ള പ്രതിഷ്ഠാപനത്തിലെ വഹനാവസ്ഥയിലുള്ള പദാർത്ഥത്തിന്റെ താൽക്കാലിക സംഭരണംമൂലം ഉണ്ടാകുന്ന ഒരു ആണവ സംഭവം മുഖേന ആണവ നാശനഷ്ടം ഉണ്ടാകുന്നിടത്ത്, അങ്ങനെയുള്ള പദാർത്ഥത്തിന്റെ വഹനത്തിന് ഉത്തരവാദിയായ ആൾ ഓപ്പറേറ്ററായി കരുതപ്പെടേണ്ടതാണ്;

(ഖ) ആണവ പദാർത്ഥത്തിന്റെ പരിവഹണവേളയിലുള്ള ആണവ സംഭവത്തിന്റെ ഫലമായി ഒരു ആണവ നാശനഷ്ടം ഉണ്ടാകുന്നിടത്ത്, ചരക്ക് അയച്ചയാൾ ഓപ്പറേറ്ററായി കരുതപ്പെടേണ്ടതാണ്;

(ഗ) ചരക്ക് അയയ്ക്കുന്ന ആളും ചരക്ക് ഏറ്റുവാങ്ങേണ്ട ആളും അല്ലെങ്കിൽ, അതതു സംഗതിപോലെ, ചരക്ക് അയയ്ക്കുന്ന ആളും ആണവ പദാർത്ഥത്തിന്റെ വാഹകനും തമ്മിൽ ഏതെങ്കിലും ലിഖിതമായ കരാറിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള കരാർ പ്രകാരം ഏതെങ്കിലും ആണവനാശനഷ്ടത്തിന് ഉത്തരവാദിയായ ആൾ ഓപ്പറേറ്ററായി കരുതപ്പെടേണ്ടതാണ്;

(ഘ) ഒരു ആണവസംഭവം മുഖേന അല്ലെങ്കിൽ കൂട്ടായി ഒരു ആണവ സംഭവവും ഒന്നോ അതിലധികമോ മറ്റ് സംഭവങ്ങളും മുഖേന ആണവ നാശനഷ്ടവും ആണവ നാശനഷ്ടമല്ലാത്ത നാശനഷ്ടവും ഉണ്ടായിട്ടുള്ളിടത്ത്, അങ്ങനെയുള്ള മറ്റ് നാശനഷ്ടം, അത് ആണവ നാശനഷ്ടത്തിൽ നിന്നും വേർതിരിച്ചെടുക്കാനാകാത്ത അത്രത്തോളം, അങ്ങനെയുള്ള ആണവ സംഭവം മുഖേന ഉണ്ടായ ഒരു ആണവ നാശനഷ്ടമായി കരുതപ്പെടേണ്ടതാണ്.

5. ചില സാഹചര്യങ്ങളിൽ ഓപ്പറേറ്റർ ബാദ്ധ്യസ്ഥനല്ലെന്ന്.—(1) ഒരു ഓപ്പറേറ്റർ, ഏതെങ്കിലും ആണവ നാശനഷ്ടത്തിന്, അങ്ങനെയുള്ള നാശനഷ്ടം—

(i) വിശേഷസ്വഭാവത്തിലുള്ള ഗുരുതരമായ ഒരു പ്രകൃതി ദുരന്തം; അല്ലെങ്കിൽ

(ii) സായുധസംഘട്ടനത്തിന്റെയോ യുദ്ധനിലയുടെയോ ആഭ്യന്തര യുദ്ധത്തിന്റെയോ കലാപത്തിന്റെയോ ഭീകരവാദത്തിന്റെയോ പ്രവർത്തനം,

കാരണം നേരിട്ട് ഉണ്ടായ ഒരു ആണവസംഭവം മുഖേന സംഭവിച്ചിട്ടുള്ളിടത്ത്, ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല.

(2) ഒരു ഓപ്പറേറ്റർ—

(i) ആണവ പ്രതിഷ്ഠാപനത്തിനുതന്നെയും അങ്ങനെയുള്ള പ്രതിഷ്ഠാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ നിർമ്മാണത്തിലിരിക്കുന്ന ഒരു ആണവ പ്രതിഷ്ഠാപനം ഉൾപ്പെടെ മറ്റേതെങ്കിലും ആണവ പ്രതിഷ്ഠാപനത്തിനും; കൂടാതെ

(ii) അങ്ങനെയുള്ള ഏതെങ്കിലും പ്രതിഷ്ഠാപനുമായി ബന്ധപ്പെട്ട് ഉപയോഗിക്കപ്പെടുന്നതോ ഉപയോഗിക്കപ്പെടേണ്ടതോ ആയ അതേ സ്ഥലത്തുള്ള ഏതെങ്കിലും വസ്തുവിന്; അല്ലെങ്കിൽ

(iii) ആണവ സംഭവത്തിന്റെ സമയത്ത് ബന്ധപ്പെട്ട ആണവ പദാർത്ഥം കൊണ്ടുവരപ്പെട്ട പരിവഹണമാർഗ്ഗത്തിന്,

ഉണ്ടായ ഏതെങ്കിലും ആണവ നാശനഷ്ടത്തിന് ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല:

എന്നാൽ ഒരു ആണവ നാശനഷ്ടത്തിന് ഒരു ഓപ്പറേറ്ററാൽ നൽകപ്പെടാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും നഷ്ടപരിഹാരത്തിന് തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരം നാശനഷ്ടത്തിനുള്ള മറ്റേതെങ്കിലും അവകാശവാദം സംബന്ധിച്ച അയാൾക്കുള്ള ബാദ്ധ്യതാതുകയിൽ കുറവ് വരുത്തുന്ന ഫലമുണ്ടായിരിക്കുന്നതല്ല.

(3) ഒരാൾ, തന്റെ സ്വന്തം ഉപേക്ഷമൂലം അല്ലെങ്കിൽ തന്റെ സ്വന്തം കൃത്യനിർവ്വഹണത്തിലോ കൃത്യവിലോപത്തിലോ നിന്ന് എന്തെങ്കിലും ആണവനാശനഷ്ടം അനുഭവിക്കുന്നിടത്ത്, അങ്ങനെയുള്ള ആളിനോട് ഓപ്പറേറ്റർ ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല.

6. ബാദ്ധ്യതയുടെ പരിധികൾ.—(1) ഓരോ ആണവ സംഭവത്തെയും സംബന്ധിച്ച് ബാദ്ധ്യതയുടെ പരമാവധി തുക മുന്നൂറ് ദശലക്ഷം പ്രത്യേക പണമെടുക്കൽ അവകാശത്തിന് രൂപയിലുള്ള തുല്യാങ്കമോ കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഉയർന്ന തുകയോ ആയിരിക്കുന്നതാണ്:

എന്നാൽ കേന്ദ്ര സർക്കാരിന്, ഈ ആക്റ്റുപ്രകാരം നൽകേണ്ട നഷ്ടപരിഹാരം ഈ ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള തുകയിലും അധികരിക്കുന്നുവെങ്കിൽ, ആവശ്യമുള്ളിടത്ത്, കൂടുതൽ നടപടികൾ എടുക്കാവുന്നതാണ്.

(2) ഓരോ ആണവ സംഭവത്തിനുമുള്ള ഒരു ഓപ്പറേറ്ററുടെ ബാദ്ധ്യത—

(ക) പത്ത് എം. ഡബ്ല്യുവിന് തുല്യമോ അതിനുമുകളിലോ താപോർജ്ജം ഉള്ള ആണവ റിയാക്ടറുകളെ സംബന്ധിച്ച് ആയിരത്തി അഞ്ഞൂറ് കോടി രൂപ;

(ഖ) ഉപയോഗിച്ചു കഴിഞ്ഞ ഇന്ധന പുനഃസംസ്കരണ പ്ലാന്റുകളെ സംബന്ധിച്ച്, മുന്നൂറ് കോടി രൂപ;

(ഗ) പത്ത് എം. ഡബ്ല്യുവിൽ താഴെ താപോർജ്ജം ഉള്ള ഗവേഷണ റിയാക്ടറുകളെയും ഉപയോഗിച്ചു കഴിഞ്ഞ ഇന്ധന പുനഃസംസ്കരണ നിലയങ്ങൾ അല്ലാത്ത ഇന്ധന പരിവൃത്തി സൗകര്യങ്ങളെയും ആണവ പദാർത്ഥങ്ങളുടെ പരിവഹണത്തെയും സംബന്ധിച്ച്, നൂറുകോടി രൂപ:

എന്നാൽ കേന്ദ്ര സർക്കാരിന്, ഈ വകുപ്പുപ്രകാരം ഓപ്പറേറ്ററുടെ ബാദ്ധ്യത അതതുസമയം പുനരവലോകനം ചെയ്യാവുന്നതും വിജ്ഞാപനം വഴി ഒരു ഉയർന്ന തുക നിർദ്ദേശിക്കാവുന്നതുമാണ്:

എന്നുമാത്രമല്ല ബാദ്ധ്യതാതുകയിൽ ഏതെങ്കിലും പലിശയോ നടപടികളുടെ ചെലവോ ഉൾപ്പെടുന്നതല്ല.

7. കേന്ദ്ര സർക്കാരിന്റെ ബാദ്ധ്യത.—(1) കേന്ദ്ര സർക്കാർ,—

(ക) ബാദ്ധ്യത, 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൻകീഴിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓപ്പറേറ്ററുടെ ബാദ്ധ്യതാതുകയിലും കവിയുന്നിടത്ത്, അങ്ങനെയുള്ള ബാദ്ധ്യത ഓപ്പറേറ്ററുടെ അങ്ങനെയുള്ള ബാദ്ധ്യതയിലും കവിയുന്ന വ്യാപ്തിയോളവും;

(ഖ) അതിന്റെ ഉടമസ്ഥതയിലുള്ള ഒരു ആണവ പ്രതിഷ്ഠാപനത്തിൽ സംഭവിക്കുന്നതും; കൂടാതെ

(ഗ) 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (i)-ഉം (ii)-ഉം ഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കാരണങ്ങൾമൂലം സംഭവിക്കുന്നതും,

ആയ ഒരു ആണവ സംഭവത്തെ സംബന്ധിച്ച ആണവ നാശനഷ്ടത്തിന്, ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്:

എന്നാൽ കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, അത് പ്രവർത്തിക്കുന്നതല്ലാത്ത ഒരു ആണവ പ്രതിഷ്ഠാപനത്തിന്റെ പൂർണ്ണമായ ബാദ്ധ്യത പൊതുതാൽപര്യത്തിൽ ആവശ്യമാണെന്ന് അതിന് അഭിപ്രായമുണ്ടെങ്കിൽ, ഏറ്റെടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡമോ (ഗ) ഖണ്ഡമോ പ്രകാരം അതിന്റെ ബാദ്ധ്യതയുടെ ഭാഗം നിറവേറ്റുന്ന ആവശ്യത്തിലേക്കായി, കേന്ദ്ര സർക്കാരിന്, ഓപ്പറേറ്റർമാരിൽനിന്ന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ലെവി തുക, അങ്ങനെയുള്ള രീതിയിൽ ചുമത്തിക്കൊണ്ട് ആണവ ബാദ്ധ്യത ഫണ്ട് എന്ന് വിളിക്കപ്പെടേണ്ട ഒരു ഫണ്ട് സ്ഥാപിക്കാവുന്നതാണ്.

8. ഓപ്പറേറ്റർ ഇൻഷ്വറൻസ് അല്ലെങ്കിൽ ധനപരമായ ഈടുകൾ വച്ചുപോരണമെന്ന്.—(1) ഓപ്പറേറ്റർ, അയാളുടെ ആണവ പ്രതിഷ്ഠാപനത്തിന്റെ പ്രവർത്തനം അയാൾ ആരംഭിക്കുന്നതിനുമുമ്പായി, 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള അയാളുടെ ബാദ്ധ്യത ഉൾക്കൊള്ളുന്ന ഇൻഷ്വറൻസ് പോളിസിയോ അങ്ങനെയുള്ള മറ്റ് ധനപരമായ ഈടോ രണ്ടിന്റെയും സംയോജനമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ എടുക്കേണ്ടതാണ്.

(2) ഓപ്പറേറ്റർ, (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന ഇൻഷ്വറൻസ് പോളിസിയോ മറ്റ് ധനപരമായ ഈടോ അതിന്റെ സാധുതാ കാലയളവ് അവസാനിക്കുന്നതിനുമുമ്പ് അതതുസമയം പുതുക്കേണ്ടതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു ആണവ പ്രതിഷ്ഠാപനത്തിന് ബാധകമാകുന്നതല്ല.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "ധനപരമായ ഈട്" എന്നാൽ ഒരു നഷ്ടോത്തരവാദത്തിന്റെയോ ഗ്യാരന്റിയുടെയോ ഒരു കോൺട്രാക്റ്റോ ഓഹരികളോ ബോണ്ടുകളോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കരണമോ അവയുടെ ഏതെങ്കിലും സംയോജനമോ എന്നർത്ഥമാകുന്നു.

## അദ്ധ്യായം III

## ക്ലെയിംസ് കമ്മീഷണർ

9. ആണവ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരവും അതിന്റെ ന്യായനിർണ്ണയവും.—(1) ആണവ നാശനഷ്ടം അനുഭവിക്കുന്ന ഏതൊരാൾക്കും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നഷ്ടപരിഹാരം അവകാശപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ആണവ നാശനഷ്ടം സംബന്ധിച്ച നഷ്ടപരിഹാരത്തിനുള്ള അവകാശവാദങ്ങളിൽ ന്യായനിർണ്ണയം ചെയ്യുന്ന ആവശ്യങ്ങൾക്കായി, കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, ഒന്നോ അതിൽ അധികമോ ക്ലെയിംസ് കമ്മീഷണർമാരെ ആ വിജ്ഞാപനത്തിൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രദേശത്തേക്ക് നിയമിക്കേണ്ടതാണ്.

10. ക്ലെയിംസ് കമ്മീഷണറായുള്ള നിയമനത്തിനുവേണ്ടിയുള്ള യോഗ്യതകൾ.—ഒരാൾ—

(ക) ഒരു ജില്ലാ ജഡ്ജി ആയിരിക്കുകയോ ആയിരുന്നിരിക്കുകയോ; അല്ലെങ്കിൽ

(ഖ) കേന്ദ്ര സർക്കാരിന്റെ സർവ്വീസിലുണ്ടായിരിക്കുകയും ഭാരതസർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു തസ്തികയോ കേന്ദ്രസർക്കാരിലെ തത്തുല്യമായ മറ്റേതെങ്കിലും തസ്തികയോ വഹിച്ചിരിക്കുകയും,

ചെയ്തിട്ടില്ലാത്തപക്ഷം ഒരു ക്ലെയിംസ് കമ്മീഷണറായുള്ള നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ല.

11. ക്ലെയിംസ് കമ്മീഷണറുടെ ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും.—ക്ലെയിംസ് കമ്മീഷണർക്ക് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരത്തിലായിരിക്കുന്നതാണ്.

12. <u>ന്യായനിർണ്ണയ നടപടിക്രമവും ക്ലെയിംസ് കമ്മീഷണറുടെ അധികാരങ്ങളും.</u>—(1) ഈ ആക്റ്റിൻകീഴിലുള്ള അവകാശവാദങ്ങളുടെ ന്യായനിർണ്ണയ ആവശ്യങ്ങൾക്കായി ക്ലെയിംസ് കമ്മീഷണർ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(2) അന്വേഷണവിചാരണ നടത്തുന്ന ആവശ്യത്തിലേക്കായി ക്ലെയിംസ് കമ്മീഷണർക്ക് ആണവമേഖലയിൽ വൈദഗ്ദ്ധ്യമുള്ള നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ആളുകളെ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് ആളുകളെയും അങ്ങനെയുള്ള രീതിയിലും തന്നോടൊപ്പം സഹകരിപ്പിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആളെ സഹകരിപ്പിക്കുന്നിടത്ത്, അയാൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രതിഫലമോ ഫീസോ ബത്തയോ നൽകേണ്ടതാണ്.

(4) ക്ലെയിംസ് കമ്മീഷണർക്ക്, ഈ ആക്റ്റ് പ്രകാരമുള്ള തന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യങ്ങൾക്കായി ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും ശപഥത്തിന്മേൽ അയാളെ വിസ്തരിക്കുന്നതിനും;

(ഖ) രേഖകളുടെ വെളിപ്പെടുത്തലിനും ഹാജരാക്കലിനും;

(ഗ) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഘ) ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പുകളോ ആവശ്യപ്പെടുന്നതിന്;

(ങ) ഏതെങ്കിലും സാക്ഷിയുടെ വിസ്താരത്തിനുവേണ്ടി കമ്മീഷനെ വയ്ക്കുന്നതിന്;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യത്തിന്.

(5) ക്ലെയിംസ് കമ്മീഷണർ, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്കായി ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം IV

## അവകാശവാദങ്ങളും അവാർഡുകളും

13. <u>ക്ലെയിംസ് കമ്മീഷണർ അവകാശവാദങ്ങൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നത്.</u>—3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ആണവ സംഭവത്തിന്റെ വിജ്ഞാപനത്തിനുശേഷം ആ പ്രദേശത്ത് അധികാരിതയുള്ള ക്ലെയിംസ് കമ്മീഷണർ ആണവനാശനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിന് അവകാശവാദം ഉന്നയിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നതിന് അദ്ദേഹം ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള രീതിയിൽ വിപുലമായ പ്രചരണം കൊടുക്കുന്നതിന് ഇടയാക്കേണ്ടതാണ്.

14. <u>ആണവനാശനഷ്ടം സംബന്ധിച്ച് അപേക്ഷ നൽകുന്നതിന് അവകാശമുള്ള ആൾ.</u>—ആണവനാശനഷ്ടം സംബന്ധിച്ച് നഷ്ടപരിഹാരത്തിനായി, അതതുസംഗതിപോലെ, ക്ലെയിംസ് കമ്മീഷണറുടെയോ കമ്മീഷന്റെയോ മുമ്പാകെ ഒരു അപേക്ഷ—

(ക) ക്ഷതം നേരിട്ട ഒരാൾക്ക്; അല്ലെങ്കിൽ

(ഖ) നാശനഷ്ടം ഉണ്ടായ വസ്തുവിന്റെ ഉടമസ്ഥന്; അല്ലെങ്കിൽ

(ഗ) മരണപ്പെട്ട ആളിന്റെ നിയമാനുസൃത പ്രതിനിധികൾക്ക്; അല്ലെങ്കിൽ

(ഘ) അങ്ങനെയുള്ള ആളാലോ ഉടമസ്ഥനാലോ നിയമാനുസൃത പ്രതിനിധികളാലോ യഥാവിധി അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഏജന്റിന്,

നൽകാവുന്നതാണ്.

15. <u>ക്ലെയിംസ് കമ്മീഷണർ മുമ്പാകെ അപേക്ഷ നൽകുന്നതിനുള്ള നടപടിക്രമം.</u>—(1) ആണവ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിനുവേണ്ടി ക്ലെയിംസ് കമ്മീഷണർ മുമ്പാകെയുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതും അങ്ങനെയുള്ള രേഖകൾ സഹിതവും നൽകേണ്ടതാണ്.

(2) 18-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപേക്ഷയും, ആണവ നാശനഷ്ടം, അങ്ങനെയുള്ള നാശനഷ്ടം അനുഭവിക്കുന്ന ആളിന്റെ അറിവിൽ വന്ന തീയതി മുതൽ മൂന്ന് വർഷക്കാലാവധിക്കുള്ളിൽ നൽകേണ്ടതാണ്.

16. <u>ക്ലെയിംസ് കമ്മീഷണറാലുള്ള അവാർഡ്.</u>—(1) 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരപേക്ഷ കിട്ടിയതിന്മേൽ, ക്ലെയിംസ് കമ്മീഷണർ അങ്ങനെയുള്ള അപേക്ഷയുടെ അറിയിപ്പ് ഓപ്പറേറ്റർക്ക് നൽകുകയും കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം കൊടുക്കുകയും ചെയ്തതിനുശേഷം ആ അപേക്ഷ അപ്രകാരം കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസക്കാലാവധിക്കുള്ളിൽ തീർപ്പാക്കേണ്ടതും അതനുസരിച്ച് ഒരു അവാർഡ് നൽകേണ്ടതുമാണ്.

(2) ഈ വകുപ്പ് പ്രകാരം ഒരു അവാർഡ് നൽകുമ്പോൾ, ക്ലെയിംസ് കമ്മീഷണർ, അപേക്ഷകനാലോ അയാളുടെ കുടുംബാംഗങ്ങൾക്ക് വേണ്ടിയോ മറ്റ് വിധത്തിലോ എടുക്കപ്പെട്ട ഒരു ഇൻഷ്വറൻസ് കോൺട്രാക്റ്റിന് അനുസൃതമായി അയാൾ സ്വീകരിച്ച ഏതെങ്കിലും ആനുകൂല്യമോ പ്രതിദാനമോ തുകയോ പരിഗണനയിലെടുക്കുവാൻ പാടില്ലാത്തതാണ്.

(3) ഒരു ഓപ്പറേറ്റർ, അവാർഡ്തുക താൻ നൽകുന്നതിൽ നിന്നും ഒഴിഞ്ഞുമാറുക എന്ന ഉദ്ദേശ്യത്തോടെ തന്റെ വസ്തുവക നീക്കം ചെയ്യുവാനോ വ്യയനം ചെയ്യുവാനോ ഇടയുള്ളിടത്ത്, ക്ലെയിംസ് കമ്മീഷണർക്ക്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ന്റെ ഒന്നാം പട്ടികയിലെ XXXIX-ാം ഓർഡറിലെ 1 മുതൽ 4 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി അങ്ങനെയുള്ള പ്രവൃത്തി തടയുവാൻ ഒരു താൽക്കാലിക ഇൻജങ്ഷൻ നൽകാവുന്നതാണ്.

(4) ക്ലെയിംസ് കമ്മീഷണർ, അവാർഡിന്റെ പകർപ്പുകൾ അവാർഡ് തീയതി മുതൽ പതിനഞ്ച് ദിവസത്തെ കാലാവധിക്കുള്ളിൽ കക്ഷികൾക്ക് നൽകുവാൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ ഓരോ അവാർഡും അന്തിമമായിരിക്കുന്നതാണ്.

17. <u>പിൻമാറലിനുള്ള ഓപ്പറേറ്ററുടെ അവകാശം.</u>—6-ാം വകുപ്പിന് അനുസൃതമായി ആണവ നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകിയതിനുശേഷം, ആണവ പ്രതിഷ്ഠാപനത്തിന്റെ ഓപ്പറേറ്റർക്ക് പിൻമാറുന്നതിനുള്ള അവകാശം—

(ക) അങ്ങനെയുള്ള അവകാശം ലിഖിതമായ ഒരു കോൺട്രാക്റ്റിൽ പ്രകടമായി വ്യവസ്ഥ ചെയ്യുകയും;

(ഖ) ആണവസംഭവം വിതരണക്കാരന്റെയോ അയാളുടെ ജീവനക്കാരന്റെയോ പ്രകടമായതോ അന്തർലീനമായതോ ആയ ന്യൂനതകളോടെയുള്ള ഉപകരണത്തിന്റെയോ പദാർത്ഥത്തിന്റെയോ വിതരണമോ നിലവാരം കുറഞ്ഞ സേവനങ്ങളോ ഉൾപ്പെടുന്ന ഒരു പ്രവൃത്തിയുടെ അനന്തരഫലമായി ഉണ്ടാകുകയും;

(ഗ) ആണവ നാശനഷ്ടം ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു വ്യകതി ചെയ്തിട്ടുള്ള കൃത്യത്തിൽ നിന്നോ കൃത്യവിലോപത്തിൽ നിന്നോ ആണവസംഭവം ഉണ്ടാകുകയും, ചെയ്തിട്ടുള്ളിടത്ത്, ഉണ്ടായിരിക്കുന്നതാണ്.

18. അവകാശവാദം ഉന്നയിക്കുവാനുള്ള അവകാശം ഇല്ലാതാകൽ.—ആണവ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിന് അവകാശവാദം ഉന്നയിക്കുവാനുള്ള അവകാശം, അങ്ങനെയുള്ള അവകാശവാദം, 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത സംഭവം നടന്ന തീയതി മുതൽ—

(ക) വസ്തുവകകളുടെ നാശനഷ്ടത്തിന്റെ സംഗതിയിൽ, പത്ത് വർഷക്കാലാവധിക്കുള്ളിൽ;

(ഖ) ഏതെങ്കിലും ആളിനുള്ള വ്യക്തിപരമായ ക്ഷതത്തിന്റെ സംഗതിയിൽ, ഇരുപത് വർഷക്കാലാവധിക്കുള്ളിൽ,

ഉന്നയിക്കപ്പെടാത്തപക്ഷം ഇല്ലാതാകുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ആണവ സംഭവത്തിന് മുമ്പായി മോഷ്ടിക്കപ്പെട്ടിരുന്നതോ നഷ്ടപ്പെട്ടിരുന്നതോ എറിഞ്ഞു കളയപ്പെട്ടിരുന്നതോ ഉപേക്ഷിക്കപ്പെട്ടിരുന്നതോ ആയ ആണവ പദാർത്ഥം ഉൾക്കൊള്ളുന്ന ആണവ സംഭവം മുഖേന ഒരു ആണവ നാശനഷ്ടം ഉണ്ടാകുന്നിടത്ത്, പ്രസ്തുത പത്തുവർഷക്കാലാവധി അങ്ങനെയുള്ള ആണവ സംഭവത്തിന്റെ തീയതി മുതൽ കണക്കാക്കേണ്ടതാണ്. എന്നാൽ, യാതൊരു സംഗതിയിലും, അത് അങ്ങനെയുള്ള മോഷണത്തിന്റെയോ നഷ്ടപ്പെടലിന്റെയോ എറിഞ്ഞു കളയലിന്റെയോ ഉപേക്ഷിക്കലിന്റെയോ തീയതി മുതൽ ഇരുപത് വർഷക്കാലാവധി കവിയുവാൻ പാടില്ലാത്തതാണ്.

## അദ്ധ്യായം V

## ന്യൂക്ലിയർ ഡാമേജ് ക്ലെയിംസ് കമ്മീഷൻ

19. ന്യൂക്ലിയർ ഡാമേജ് ക്ലെയിംസ് കമ്മീഷന്റെ സ്ഥാപിക്കൽ.—കേന്ദ്ര സർക്കാരിന്, ഒരു ആണവ സംഭവത്താൽ ഉണ്ടായ ക്ഷതമോ നാശനഷ്ടമോ പരിഗണിച്ച്, അങ്ങനെയുള്ള നാശനഷ്ടത്തിനുള്ള അങ്ങനെയുള്ള അവകാശവാദങ്ങൾ, ഒരു ക്ലെയിംസ് കമ്മീഷണർക്കുപകരം കമ്മീഷനാൽ ന്യായനിർണ്ണയം ചെയ്യപ്പെടുന്നതാണ് പൊതുതാൽപ്പര്യത്തിൽ ഉചിതമെന്ന് അഭിപ്രായമുള്ളിടത്ത്, അതിന് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒരു കമ്മീഷൻ സ്ഥാപിക്കാവുന്നതാണ്.

20. കമ്മീഷന്റെ ഘടന.—(1) കമ്മീഷൻ, കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, നിയമിക്കാവുന്ന ഒരു ചെയർപേഴ്സണും ആറിൽ കവിയാത്ത അങ്ങനെയുള്ള മറ്റ് അംഗങ്ങളും അടങ്ങുന്നതായിരിക്കേണ്ടതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സണെയും മറ്റ് അംഗങ്ങളേയും, ആണവശാസ്ത്രത്തിൽ ഏറ്റവും കുറഞ്ഞത് മുപ്പത് വർഷത്തെ അനുഭവജ്ഞാനമുള്ള ആളുകളിൽ നിന്നുള്ള മൂന്ന് വിദഗ്ദ്ധരും വിരമിച്ച ഒരു സുപ്രീംകോടതി ജഡ്ജിയും അടങ്ങുന്ന ഒരു തിരഞ്ഞെടുപ്പുസമിതിയുടെ ശിപാർശയിൻമേൽ നിയമിക്കേണ്ടതാണ്.

(3) ഒരാൾ, അയാൾ അൻപത്തിയഞ്ച് വയസ്സ് പൂർത്തീകരിച്ചിരിക്കുകയും ഒരു ഹൈക്കോടതി ജഡ്ജി ആയിരിക്കുകയോ ആയിരുന്നിരിക്കുകയോ ആകാൻ യോഗ്യത ഉണ്ടായിരിക്കുകയോ ചെയ്യാത്തപക്ഷം കമ്മീഷന്റെ ചെയർപേഴ്സണായുള്ള നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ല:

എന്നാൽ ഒരു സിറ്റിംഗ് ജഡ്ജിയുടെ യാതൊരു നിയമനവും ഭാരതത്തിന്റെ ചീഫ് ജസ്റ്റിസുമായി ആലോചിച്ചശേഷമൊഴികെ നടത്തുവാൻ പാടില്ലാത്തതാണ്.

(4) ഒരാൾ, അയാൾ അൻപത്തിഅഞ്ച് വയസ്സ് പൂർത്തീകരിച്ചിരിക്കുകയും, കൂടാതെ—

(ക) ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ തസ്തിക അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ മറ്റേതെങ്കിലും തത്തുല്യ തസ്തിക വഹിച്ചിരുന്നതോ വഹിക്കുന്നതോ വഹിക്കുവാൻ യോഗ്യത ഉണ്ടായിരിക്കുകയോ ചെയ്യുകയും ആണവ സംഭവത്തിൽ നിന്നും ഉത്ഭവിക്കുന്ന ആണവ ബാദ്ധ്യത സംബന്ധിച്ച നിയമത്തിൽ പ്രത്യേക പരിജ്ഞാനം ഉണ്ടായിരിക്കുകയും; അല്ലെങ്കിൽ

(ഖ) അഞ്ചു വർഷക്കാലം ഒരു ക്ലെയിംസ് കമ്മീഷണർ ആയിരുന്നിരിക്കുകയോ,

ചെയ്യാത്തപക്ഷം ഒരു അംഗമായി നിയമിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതല്ല.

21. ഉദ്യോഗ കാലാവധി.—ചെയർപേഴ്സണോ, ഒരു അംഗമോ, അതതുസംഗതിപോലെ, അദ്ദേഹം അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു വർഷക്കാലയളവിലേക്ക് ആ നിലയിൽ ഉദ്യോഗം വഹിക്കേണ്ടതും മറ്റൊരു മൂന്നു വർഷക്കാലയളവിലേക്ക് പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്:

എന്നാൽ യാതൊരാളും അദ്ദേഹത്തിന് അറുപത്തിയേഴ് വയസ്സ് പൂർത്തിയായതിനുശേഷം ആ നിലയിൽ ചെയർപേഴ്സണായോ അംഗമായോ ഉദ്യോഗം വഹിക്കുവാൻ പാടില്ലാത്തതാണ്.

22. ചെയർപേഴ്സന്റെയും അംഗങ്ങളുടേയും ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും.—ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് സേവനവിരാമ ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള സേവനത്തിന്റെ മററു നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ ചെയർപേഴസന്റെയോ മറ്റ് അംഗങ്ങളുടേയോ ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിനു പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതാണ്.

23. ഒഴിവുകൾ നികത്തൽ.—താൽക്കാലിക അസാന്നിദ്ധ്യം അല്ലാത്ത കാരണങ്ങളാൽ, അതതു സംഗതിപോലെ, ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഉദ്യോഗത്തിൽ ഏതെങ്കിലും ഒഴിവുണ്ടാവുകയാണെങ്കിൽ, കേന്ദ്ര സർക്കാർ അങ്ങനെയുള്ള ഒഴിവു നികത്തുവാൻ ആ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി മറ്റൊരാളെ നിയമിക്കേണ്ടതും കമ്മീഷൻ മുമ്പാകെയുള്ള നടപടികൾ അത് ഒഴിവ് നികത്തപ്പെടുന്നതിനുമുമ്പ് ഏത് ഘട്ടത്തിലായിരുന്നോ അതുമുതൽക്ക് തുടരാവുന്നതുമാണ്.

24. രാജിയും നീക്കം ചെയ്യലും.—(1) ചെയർപേഴ്സണോ ഒരംഗത്തിനോ കേന്ദ്ര സർക്കാരിനെ അഭിസംബോധന ചെയ്ത് തന്റെ സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു നോട്ടീസ് വഴി തന്റെ ഉദ്യോഗം രാജിവെയ്ക്കാവുന്നതാണ്.

എന്നാൽ ചെയർപേഴ്സണോ അംഗമോ അദ്ദേഹത്തിന്റെ ഉദ്യോഗം ഉടൻതന്നെ ഉപേക്ഷിക്കാൻ കേന്ദ്ര സർക്കാർ അദ്ദേഹത്തെ അനുവദിക്കാത്തപക്ഷം, അങ്ങനെയുള്ള നോട്ടീസ് സ്വീകരിച്ച തീയതി മുതൽ മൂന്ന് മാസം അവസാനിക്കുന്നതുവരെയോ അദ്ദേഹത്തിന്റെ പിൻഗാമിയായി യഥാവിധി നിയമിക്കപ്പെട്ട ഒരാൾ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെയോ അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം, അതുവരെയും തുടർന്ന് ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) കേന്ദ്ര സർക്കാർ ചെയർപേഴ്സണെയോ ഒരു അംഗത്തെയോ, അദ്ദേഹം—

(ക) ഒരു നിർദ്ധനനായി വിധിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ;

(ഖ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കുകയോ;

(ഗ) ഒരു അംഗമായി പ്രവർത്തിക്കുവാൻ ശാരീരികമായോ മാനസികമായോ കഴിവില്ലാതായിത്തീർന്നിട്ടുണ്ടായിരിക്കുകയോ;

(ഘ) ഒരു അംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ ചുമതലകളെ ദോഷകരമായി ബാധിക്കുവാൻ സാദ്ധ്യതയുള്ള അങ്ങനെയുള്ള സാമ്പത്തികമോ മറ്റ് താൽപ്പര്യമോ ആർജ്ജിച്ചിട്ടുണ്ടായിരിക്കുകയോ;

(ങ) അദ്ദേഹം ഉദ്യോഗത്തിൽ തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമായി ത്തീരുന്ന വിധത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം ദുർവിനിയോഗം ചെയ്തിട്ടുണ്ടായിരിക്കുകയോ,

ചെയ്താൽ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, യാതൊരു അംഗത്തെയും ഇക്കാര്യത്തിൽ അദ്ദേഹത്തിന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയിട്ടില്ലാത്തപക്ഷം (ഘ) ഖണ്ഡമോ (ങ) ഖണ്ഡമോ പ്രകാരം നീക്കം ചെയ്യുവാൻ പാടില്ലാത്തതാണ്.

25. ചെയർപേഴ്സണോ അംഗമോ സേവനത്തിൽ നിന്നും വിരമിക്കുന്നതായി കരുതപ്പെടണമെന്ന്.—ഒരു ചെയർപേഴ്സണോ ഒരു അംഗമോ ആയി ഉദ്യോഗം ഏറ്റെടുക്കുന്ന തീയതിക്കു തൊട്ടുമുമ്പ് സർക്കാർ സേവനത്തിൽ ആയിരുന്ന ഒരാൾ ആ നിലയിൽ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ച തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതായി കരുതപ്പെടേണ്ടതും, എന്നാൽ ചെയർപേഴ്സണോ ഒരു അംഗമോ ആയി അദ്ദേഹത്തിന്റെ പിന്നീടുള്ള സേവനം അദ്ദേഹം ഏർപ്പെട്ടിരുന്ന സേവനത്തിലെ പെൻഷന് കണക്കിലെടുക്കുന്ന അംഗീകൃത തുടർസേവനമായി കണക്കാക്കേണ്ടതുമാണ്.

26. പെൻഷൻ നിറുത്തിവയ്ക്കൽ.—ഒരാൾ ചെയർപേഴ്സണോ ഒരു അംഗമോ ആയി ഉദ്യോഗം ഏറ്റെടുക്കുന്ന തീയതിക്ക് തൊട്ടുമുമ്പ് കേന്ദ്ര സർക്കാരിന്റെ കീഴിലെ ഏതെങ്കിലും മുൻസേവനം സംബന്ധിച്ച് ഒരു അവശത അല്ലെങ്കിൽ ക്ഷതപെൻഷൻ അല്ലാത്ത ഒരു പെൻഷൻ വാങ്ങിക്കൊണ്ടിരിന്നിരിക്കുകയോ അപ്രകാരം ചെയ്യുവാൻ അർഹനായിരിക്കുകയോ പെൻഷൻ സ്വീകരിക്കുവാൻ തെരഞ്ഞെടുത്തിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ചെയർപേഴ്സണായോ ഒരു അംഗമായോ ഉള്ള സേവനം സംബന്ധിച്ച അദ്ദേഹത്തിന്റെ ശമ്പളത്തിൽ—

(ക) ആ പെൻഷന്റെ തുകയും;

(ഖ) ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന് അങ്ങനെയുള്ള മുൻകാല സേവനം സംബന്ധിച്ച് ലഭിക്കേണ്ട പെൻഷന്റെ ഒരു ഭാഗത്തിന് പകരമായി അതിന്റെ സാരാംശീകൃത മൂല്യം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, പെൻഷന്റെ ആ ഭാഗത്തിന്റെ തുകയും,

കുറവ് ചെയ്യേണ്ടതാണ്.

27. മദ്ധ്യസ്ഥനായി പ്രവർത്തിക്കുന്നതിന് നിരോധനം.—യാതൊരാളും ചെയർപേഴ്സണോ ഒരു അംഗമോ ആയി ഉദ്യോഗം വഹിക്കുന്നവേളയിൽ ഏതൊരു കാര്യത്തിലും ഒരു മദ്ധ്യസ്ഥനായി പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്.

28. പ്രാക്റ്റീസിനുള്ള നിരോധനം.—ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുന്നതിന്മേൽ ചെയർപേഴ്സണോ ഒരു അംഗമോ കമ്മീഷൻ മുമ്പാകെ ഹാജരാകുകയോ പ്രവർത്തിക്കുകയോ വാദിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്.

29. ചെയർപേഴ്സന്റെ അധികാരങ്ങൾ.—ചെയർപേഴ്സന് കമ്മീഷന്റെ സാമാന്യമായ ഭരണ നിർവ്വഹണത്തിൽ മേൽനോട്ട അധികാരം ഉണ്ടായിരിക്കുന്നതും അദ്ദേഹം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

30. <u>കമ്മീഷന്റെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.</u>—(1) കേന്ദ്ര സർക്കാർ, അത് ഉചിതമെന്നു കരുതാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

31. <u>കമ്മീഷൻ മുമ്പാകെ നഷ്ടപരിഹാരത്തിനുവേണ്ടിയുള്ള അപേക്ഷ.</u>—(1) ആണവ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിനുവേണ്ടി കമ്മീഷൻ മുമ്പാകെയുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതും അങ്ങനെയുള്ള രേഖകൾ സഹിതവും നൽകേണ്ടതാണ്.

(2) 18-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപേക്ഷയും ആണവ നാശനഷ്ടം, അങ്ങനെയുള്ള നാശനഷ്ടം അനുഭവിക്കുന്ന ആളിന്റെ അറിവിൽ വന്ന തീയതി മുതൽ മൂന്ന് വർഷ കാലാവധിക്കുള്ളിൽ നൽകേണ്ടതാണ്.

32. <u>ന്യായനിർണ്ണയ നടപടിക്രമവും കമ്മീഷന്റെ അധികാരങ്ങളും.</u>—(1) കമ്മീഷന്, അതിന്റെ മുമ്പാകെ നഷ്ടപരിഹാരത്തിനായി, അതതുസംഗതിപോലെ, 31-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ഫയൽ ചെയ്തതോ 33-ാം വകുപ്പ് പ്രകാരം അതിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതോ ആയ ഓരോ അപേക്ഷയിന്മേലും ന്യായനിർണ്ണയം ചെയ്യുവാൻ ആദ്യാധികാരിത ഉണ്ടായിരിക്കുന്നതാണ്.

(2) 33-ാം വകുപ്പ് പ്രകാരം കേസുകൾ കമ്മീഷന് കൈമാറ്റം ചെയ്യപ്പെടുന്നതിന്മേൽ, കമ്മീഷൻ അങ്ങനെയുള്ള അപേക്ഷകൾ അവ അങ്ങനെയുള്ള കൈമാറ്റത്തിന് മുമ്പ് ഏതു ഘട്ടത്തിലായിരുന്നുവോ അതു മുതൽ കേൾക്കേണ്ടതാണ്.

(3) ചെയർപേഴ്സണ്, അവകാശവാദങ്ങൾ കേൾക്കുന്നതിന്റെ ആവശ്യത്തിലേക്കായി, കമ്മീഷന്റെ മൂന്നിൽ കുടാതെയുള്ള അംഗങ്ങൾ അടങ്ങുന്ന ബെഞ്ചുകൾ രൂപീകരിക്കാവുന്നതും അവയിന്മേലുള്ള ഏതൊരു തീരുമാനവും അങ്ങനെയുള്ള അവകാശവാദങ്ങൾ കേൾക്കുന്ന അംഗങ്ങളുടെ ഭൂരിപക്ഷത്താൽ നൽകപ്പെടേണ്ടതുമാണ്.

(4) കമ്മീഷൻ, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമത്താൽ ബന്ധിക്കപ്പെടുന്നതല്ലാത്തതും, എന്നാൽ സ്വാഭാവിക നീതിയുടെ തത്വങ്ങളാൽ മാർഗ്ഗദർശനം ചെയ്യപ്പെടേണ്ടതും ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കും വിധേയമായി, കമ്മീഷന്, അത് അതിന്റെ ഉപവേശനം നടത്തേണ്ട സ്ഥലങ്ങളും സമയങ്ങളും ഉൾപ്പെടെ അതിന്റെ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) കമ്മീഷന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യങ്ങൾക്കായി, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കുന്നതിനും ശപഥത്തിന്മേൽ അയാളെ വിസ്തരിക്കുന്നതിനും;

(ഖ) രേഖകളുടെ വെളിപ്പെടുത്തലിനും ഹാജരാക്കലിനും;

(ഗ) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഘ) ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പുകളോ ആവശ്യപ്പെടുന്നതിന്;

(ങ) ഏതെങ്കിലും സാക്ഷിയുടെ വിസ്താരത്തിനുവേണ്ടി കമ്മീഷനെ വയ്ക്കുന്നതിന്;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യത്തിന്.

(6) കമ്മീഷൻ അപേക്ഷയുടെ അറിയിപ്പ് ഓപ്പറേറ്റർക്ക് നൽകിയ ശേഷവും കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം കൊടുക്കുകയും ചെയ്തശേഷം അങ്ങനെയുള്ള അപേക്ഷ അപ്രകാരം ലഭിച്ച തീയതി മുതൽ മൂന്ന് മാസക്കാലാവധിക്കുള്ളിൽ തീർപ്പാക്കേണ്ടതും അതനുസരിച്ച് ഒരു അവാർഡ് നൽകേണ്ടതുമാണ്.

(7) ഈ വകുപ്പുപ്രകാരം ഒരു അവാർഡ് നൽകുമ്പോൾ കമ്മീഷൻ, ഏതെങ്കിലും ഇൻഷ്വറൻസ് കോൺട്രാക്റ്റ് പ്രകാരമോ മറ്റുവിധത്തിലോ അപേക്ഷകൻ സ്വീകരിച്ച ഏതെങ്കിലും ആനുകൂല്യമോ പ്രതിദാനമോ തുകയോ പരിഗണനയിലെടുക്കുവാൻ പാടില്ലാത്തതാണ്.

(8) ഒരു ഓപ്പറേറ്റർ അവാർഡു തുക താൻ നൽകുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുക എന്ന ഉദ്ദേശ്യത്തോടെ തന്റെ വസ്തുവക നീക്കം ചെയ്യുവാനോ വ്യയനം ചെയ്യുവാനോ ഇടയുള്ളിടത്ത്, കമ്മീഷന്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ ഒന്നാം പട്ടികയിൽ XXXIX-ാം ഓർഡറിലെ 1 മുതൽ 4 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അങ്ങനെയുള്ള പ്രവൃത്തി തടയുവാൻ ഒരു താൽക്കാലിക ഇൻജങ്ഷൻ നൽകാവുന്നതാണ്.

(9) കമ്മീഷൻ, അവാർഡിന്റെ പകർപ്പുകൾ, അങ്ങനെയുള്ള അവാർഡിന്റെ തീയതി മുതൽ പതിനഞ്ച് ദിവസക്കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുവാൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

(10) (6)-ാം ഉപവകുപ്പുപ്രകാരം നൽകിയ ഓരോ അവാർഡും അന്തിമമായിരിക്കുന്നതാണ്.

33. <u>നിലവിലുള്ള കേസുകൾ കമ്മീഷനിലേക്ക് കൈമാറ്റം ചെയ്യൽ.</u>—19-ാം വകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ സ്ഥാപന തീയതിക്കു തൊട്ടുമുമ്പ് നഷ്ടപരിഹാരത്തിനായി ക്ലെയിംസ് കമ്മീഷണർ മുമ്പാകെ നിലവിലിരുന്ന ഓരോ അപേക്ഷയും ആ തീയതിയിൽ കമ്മീഷനിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട് നിലനിൽക്കുന്നതാണ്.

34. <u>ക്ലെയിംസ് കമ്മീഷണറുടേയോ കമ്മീഷന്റെയോ മുമ്പാകെയുള്ള നടപടികൾ ജുഡീഷ്യൽ നടപടികളായിരിക്കുമെന്ന്.</u>—ഈ ആക്റ്റ് പ്രകാരം ക്ലെയിംസ് കമ്മീഷണറുടെയോ കമ്മീഷന്റെയോ മുമ്പാകെയുള്ള ഓരോ നടപടിയും ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45) 193-ഉം 219-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിലും 196-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായും ജുഡീഷ്യൽ നടപടിയായി കരുതപ്പെടേണ്ടതാണ്.

35. <u>സിവിൽ കോടതികളുടെ അധികാരിത ഒഴിവാക്കൽ.</u>—46-ാം വകുപ്പിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ യാതൊരു സിവിൽ കോടതിക്കും (ഭരണഘടനയുടെ 226-ഉം 227-ഉം അനുച്ഛേദങ്ങൾ പ്രകാരം അധികാരിത വിനിയോഗിക്കുന്ന സുപ്രീംകോടതിയും ഒരു ഹൈക്കോടതിയും ഒഴികെ), ഈ ആക്റ്റ് പ്രകാരം ന്യായനിർണ്ണയം ചെയ്യുവാൻ, അതതു സംഗതി പോലെ, ക്ലെയിംസ് കമ്മീഷണറെയോ കമ്മീഷനെയോ അധികാരപ്പെടുത്തുന്ന ഏതൊരു സംഗതിയെയും സംബന്ധിച്ച് ഏതൊരു വ്യവഹാരമോ നടപടികളോ പരിഗണനയ്ക്കെടുക്കുവാൻ അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ഈ ആക്റ്റിനാലോ അതിൻകീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരത്തിന് അനുസൃതമായി എടുക്കപ്പെട്ടതോ എടുക്കപ്പെടേണ്ടതോ ആയ ഏതെങ്കിലും നടപടി സംബന്ധിച്ച് ഏതെങ്കിലും കോടതിയോ മറ്റ് അധികാരസ്ഥാനമോ യാതൊരു ഇൻജങ്ഷനും നൽകുവാൻ പാടില്ലാത്തതുമാണ്.

36. അവാർഡുകൾ നടപ്പാക്കൽ.—(1) 16-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമോ 32-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് പ്രകാരമോ ഒരു അവാർഡ് നൽകുമ്പോൾ,—

(ക) 8-ാം വകുപ്പ് പ്രകാരമുള്ള ഇൻഷ്വറൻസ് കോൺട്രാക്റ്റ് അല്ലെങ്കിൽ ധനപരമായ ഈട് പ്രകാരം അങ്ങനെയുള്ള അവാർഡിന് അനുസൃതമായും അങ്ങനെയുള്ള കോൺട്രാക്റ്റ് പ്രകാരമുള്ള അയാളുടെ ബാദ്ധ്യതയുടെ വ്യാപ്തിയോളവും ഏതെങ്കിലും തുക കൊടുക്കുവാൻ, അതതുസംഗതിപോലെ, ആവശ്യപ്പെട്ടിട്ടുള്ള ഇൻഷ്വററോ ഏതെങ്കിലും ആളോ, ആ തുക, അതതുസംഗതിപോലെ, ക്ലെയിംസ് കമ്മീഷണറോ കമ്മീഷനോ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും കെട്ടിവെയ്ക്കേണ്ടതും;

(ഖ) ഓപ്പറേറ്റർ, 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരമാവധി ബാദ്ധ്യതയ്ക്കു വിധേയമായി, അങ്ങനെയുള്ള അവാർഡ് (ക) ഖണ്ഡപ്രകാരം കെട്ടിവെച്ച തുകയിലും കവിയുന്നിടത്തോളം, ശേഷിക്കുന്ന തുക കെട്ടിവെയ്ക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആൾ അവാർഡിൽ നിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ അവാർഡുതുക കെട്ടിവെയ്ക്കുവാൻ വീഴ്ച വരുത്തുന്നിടത്ത്, അങ്ങനെയുള്ള തുക അങ്ങനെയുള്ള ആളിൽനിന്നും ഭൂനികുതി കുടിശ്ശിക പോലെ വസൂലാക്കത്തക്കതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം കെട്ടിവെച്ച തുക, അങ്ങനെ കെട്ടിവെച്ച തീയതി മുതൽ പതിനഞ്ചു ദിവസക്കാലാവധിക്കുള്ളിൽ അവാർഡിൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ആൾക്ക് വിതരണം ചെയ്യേണ്ടതാണ്.

37. വാർഷിക റിപ്പോർട്ട്.—കമ്മീഷൻ, ഓരോ സാമ്പത്തികവർഷത്തിലും ആ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള സമയത്തും തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതും ആയത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

38. ചില സാഹചര്യങ്ങളിൽ കമ്മീഷന്റെ പിരിച്ചുവിടൽ.—(1) ഏത് ആവശ്യത്തിനുവേണ്ടിയാണോ 19-ാം വകുപ്പ് പ്രകാരം കമ്മീഷൻ സ്ഥാപിച്ചിട്ടുള്ളത് അതിന്റെ ആവശ്യം നിറവേറ്റിയിട്ടുള്ളതായി കേന്ദ്ര സർക്കാരിന് ബോധ്യപ്പെടുന്നിടത്തോ അങ്ങനെയുള്ള കമ്മീഷന്റെ മുമ്പാകെ നിലവിലുള്ള കേസുകളുടെ എണ്ണം അതിന്റെ തുടർന്നുള്ള പ്രവർത്തനച്ചെലവിനെ ന്യായീകരിക്കാത്ത അത്രമാത്രം കുറവായിരിക്കുന്നിടത്തോ അപ്രകാരം ചെയ്യുന്നത് ആവശ്യമോ ഉചിതമോ ആണെന്ന് അത് കരുതുന്നിടത്തോ, കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി, കമ്മീഷനെ പിരിച്ചുവിടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കമ്മീഷന്റെ പരിച്ചുവിടൽ വിജ്ഞാപനത്തിന്റെ തീയതി മുതൽ പ്രഭാവത്തോടെ,—

(ക) അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ തീയതിയിൽ കമ്മീഷന്റെ മുമ്പാകെ നിലവിലുള്ള നടപടി, ഏതെങ്കിലുമുണ്ടെങ്കിൽ, 9-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ നിയമിക്കേണ്ട ക്ലെയിംസ് കമ്മീഷണർക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്;

(ഖ) കമ്മീഷന്റെ ചെയർപേഴ്സണും എല്ലാ അംഗങ്ങളും ആ നിലയിലുള്ള അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും അകാലത്തിലുള്ള അവരുടെ ഉദ്യോഗസമാപ്തി കാരണം ഏതൊരു നഷ്ടപരിഹാരത്തിനും അവർക്ക് അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്;

(ഗ) കമ്മീഷന്റെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും നിർണ്ണയിക്കപ്പെടാവുന്ന കേന്ദ്ര സർക്കാരിന്റെ അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനത്തിനോ ആഫീസുകൾക്കോ അങ്ങനെയുള്ള രീതിയിൽ സ്ഥലം മാറ്റം ചെയ്യപ്പെടേണ്ടതാണ്:

എന്നാൽ അപ്രകാരം സ്ഥലംമാറ്റം ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും കമ്മീഷനിൽ അവർക്ക് ഉണ്ടായിരിക്കുമായിരുന്ന അതേ സേവനനിബന്ധനകൾക്കും ഉപാധികൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല കമ്മീഷന്റെ ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനത്തിന്റെയോ ആഫീസിന്റെയോ സേവനത്തിൽ പ്രവേശിക്കുവാൻ വിസമ്മതിക്കുന്നിടത്ത്, അയാൾ രാജിവച്ചതായി കരുതപ്പെടേണ്ടതും സേവന കോൺട്രാക്റ്റിന്റെ അകാലസമാപ്തി കാരണം ഏതൊരു നഷ്ടപരിഹാരത്തിനും അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്;

(ഘ) കമ്മീഷന്റെ എല്ലാ ആസ്തികളും ബാദ്ധ്യതകളും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം കമ്മീഷന്റെ പിരിച്ചുവിടൽ നടന്നിരുന്നാൽതന്നെയും, അങ്ങനെയുള്ള പിരിച്ചുവിടലിനുമുമ്പായി കമ്മീഷൻ നൽകിയ ഏതെങ്കിലും ഉത്തരവോ പുറപ്പെടുവിച്ച നോട്ടീസോ നടത്തിയ ഏതെങ്കിലും നിയമനമോ സ്ഥിരപ്പെടുത്തലോ പ്രഖ്യാപനമോ ഒപ്പിട്ടു പൂർത്തീകരിച്ച ഏതെങ്കിലും രേഖയോ കരണമോ നൽകിയ ഏതെങ്കിലും നിർദ്ദേശമോ ഉൾപ്പെടെ ചെയ്തതോ എടുത്തതോ ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ ഏതെങ്കിലും നടപടിയോ സാധുതയോടെ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(4) ഈ വകുപ്പിലുള്ള യാതൊന്നും കമ്മീഷന്റെ പിരിച്ചുവിടലിനുശേഷം ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനെ തടയുന്നതായി അർത്ഥം കല്പിക്കുവാൻ പാടില്ലാത്തതാണ്.

## അദ്ധ്യായം VI

## കുറ്റങ്ങളും ശിക്ഷകളും

39. കുറ്റങ്ങളും ശിക്ഷകളും.—(1) (ക) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടമോ പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും നിർദ്ദേശമോ ഉല്ലംഘിക്കുകയോ;

(ഖ) 8-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നതിൽ വീഴ്ചവരുത്തുകയോ;

(ഗ) 36-ാം വകുപ്പുപ്രകാരം തുക കെട്ടിവയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ,

ചെയ്യുന്ന ഏതൊരാളും അഞ്ച് വർഷംവരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷാർഹമായിരിക്കുന്നതാണ്.

(2) 43-ാം വകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും നിർദ്ദേശം അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ഈ ആക്റ്റ് പ്രകാരമുള്ള തന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ ഏതെങ്കിലും അധികാരസ്ഥാനത്തെയോ ആളെയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷം വരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷാർഹമായിരിക്കുന്നതാണ്.

40. <u>കമ്പനികളാലുള്ള കുറ്റങ്ങൾ.</u>—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതല നേരിട്ട് വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദപ്പെട്ടിരുന്നതുമായ ഓരോ ആളും അതുപോലെതന്നെ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥമാകുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവോടുകൂടി അല്ലെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനാക്കിത്തീർക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്യുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുണ്ടെന്നോ അവരുടെ ഭാഗത്ത് കൽപിക്കപ്പെടാവുന്നതായ ഏതെങ്കിലും ഉപേക്ഷ മൂലമാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനാകുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) ''കമ്പനി'' എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും;

(ഖ) ''ഡയറക്ടർ'' എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

41. <u>സർക്കാർ വകുപ്പുകളാലുള്ള കുറ്റങ്ങൾ.</u>—ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും കുറ്റം സർക്കാരിന്റെ ഏതെങ്കിലും വകുപ്പ് ചെയ്തിട്ടുള്ളിടത്ത്, ആ കുറ്റത്തിന് ആ വകുപ്പിന്റെ മേധാവി അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനാകുന്നതുമാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അങ്ങനെയുള്ള വകുപ്പു മേധാവിയെ, കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവോടുകൂടി അല്ലെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതൊരു ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനാക്കിത്തീർക്കുന്നതല്ല.

42. <u>കുറ്റങ്ങൾ നടപടിയ്ക്കെടുക്കൽ.</u>—ഒരു മെട്രോപ്പൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാണ്:

എന്നാൽ കേന്ദ്ര സർക്കാരോ ആ സർക്കാർ ഇതിനായി അധികാരപ്പെടുത്തിയ ഏതെങ്കിലും അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ നൽകിയ ഒരു പരാതിയിന്മേൽ അല്ലാതെ അങ്ങനെയുള്ള കുറ്റം നടപടിയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

## അദ്ധ്യായം VII

### പലവക

43. നിർദ്ദേശങ്ങൾ നൽകുവാനുള്ള അധികാരം.—കേന്ദ്ര സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും ചുമതലകൾ നിർവ്വഹിച്ചുകൊണ്ടും അത് ഉചിതമെന്നു കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഏതെങ്കിലും ഓപ്പറേറ്റർക്കോ ആളിനോ ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ നികായത്തിനോ നൽകാവുന്നതും അങ്ങനെയുള്ള ഓപ്പറേറ്ററോ ആളോ ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

44. വിവരം ആവശ്യപ്പെടുവാനുള്ള അധികാരം.—കേന്ദ്ര സർക്കാരിന്, ആവശ്യമാണെന്ന് അത് കരുതാവുന്ന അങ്ങനെയുള്ള വിവരം ഒരു ഓപ്പറേറ്ററിൽനിന്നും ആവശ്യപ്പെടാവുന്നതാണ്.

45. ഈ ആക്റ്റിന്റെ ബാധകതയിൽനിന്നും ഒഴിവാക്കൽ.—കേന്ദ്ര സർക്കാരിന്, ആണവ പദാർത്ഥത്തിന്റെ കുറഞ്ഞ അളവ് പരിഗണിച്ച്, ഉൾക്കൊള്ളുന്ന അപായസാദ്ധ്യത നിസ്സാരമാണെന്ന് അതിന് അഭിപ്രായമുള്ളിടത്ത്, വിജ്ഞാപനംവഴി, ഏതെങ്കിലും ആണവ പ്രതിഷ്ഠാപനത്തെ ഈ ആക്റ്റിന്റെ ബാധകതയിൽനിന്നും ഒഴിവാക്കാവുന്നതാണ്.

46. ആക്റ്റ് മറ്റേതെങ്കിലും നിയമത്തിന് പുറമേ ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമേയും അതിന് ന്യൂനത വരുത്താതെയും ആയിരിക്കേണ്ടതും ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഈ ആക്റ്റിൽനിന്നും വേറിട്ട് അങ്ങനെയുള്ള ഓപ്പറേറ്റർക്കെതിരെ ആരംഭിച്ചേക്കാവുന്ന ഏതെങ്കിലും നടപടിയിൽനിന്നും ഓപ്പറേറ്ററെ ഒഴിവാക്കുന്നതല്ലാത്തതുമാകുന്നു.

47. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—കേന്ദ്ര സർക്കാരിനോ ആളിനോ ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ എതിരായി, ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അല്ലെങ്കിൽ പുറപ്പെടുവിച്ച നിർദ്ദേശത്തിനോ അനുസൃതമായി, അതോ അയാളോ ഉത്തമവിശ്വാസപൂർവ്വം ചെയ്ത ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നില്ല.

48. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ—

(ക) 8-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മറ്റ് ധനപരമായ ഈടും അതിന്റെ രീതിയും;

(ഖ) 11-ാം വകുപ്പ് പ്രകാരം ക്ലെയിംസ് കമ്മീഷണർക്ക് നൽകേണ്ടതായ ശമ്പളവും ബത്തകളും അദ്ദേഹത്തിന്റെ സേവന നിബന്ധനകളും ഉപാധികളും;

(ഗ) 12-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ക്ലെയിംസ് കമ്മീഷണർ അനുവർത്തിക്കേണ്ട നടപടിക്രമം;

(ഘ) 12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ക്ലെയിംസ് കമ്മീഷണർ സഹകരിക്കേണ്ട ആളും അതിന്റെ രീതിയും;

(ങ) 12-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം സഹകരിച്ച ആളിന്റെ പ്രതിഫലം, ഫീസ് അല്ലെങ്കിൽ ബത്തകൾ;

(ച) 12-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിലെ (ച) ഖണ്ഡ പ്രകാരമുള്ള മറ്റേതെങ്കിലും കാര്യം;

(ഛ) 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയുടെ മാതൃകയും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും അതോടൊപ്പം വേണ്ട രേഖകളും;

(ജ) 22-ാം വകുപ്പ് പ്രകാരം ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും;

(ഝ) 29-ാം വകുപ്പ് പ്രകാരമുള്ള ചെയർപേഴ്സന്റെ അധികാരങ്ങൾ;

(ഞ) 30-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷന്റെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനത്തിന്റെ നിബന്ധനകളും മറ്റ് ഉപാധികളും;

(ട) 31-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയുടെ മാതൃകയും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും അതോടൊപ്പം വേണ്ട രേഖകളും;

(ഠ) 32-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിലെ (ച) ഖണ്ഡപ്രകാരമുള്ള മറ്റേതെങ്കിലും കാര്യം;

(ഡ) 37-ാം വകുപ്പ് പ്രകാരം കമ്മീഷൻ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാതൃകയും സമയവും;

(ഢ) 38-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡപ്രകാരം കമ്മീഷന്റെ ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും സ്ഥലം മാറ്റുന്ന രീതി,

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിൽ കേന്ദ്ര സർക്കാരിനാൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കപ്പെടുന്നതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

49. വിഷമതകൾ നീക്കം ചെയ്യുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്ര സർക്കാരിന്, ആ വിഷമത നീക്കം ചെയ്യുന്നതിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ഉത്തരവും, അത് ഉണ്ടാക്കപ്പെടുന്നതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.